ഏർപ്പെട്ടിട്ടുള്ള ലക്ഷക്കണക്കിന് തൊഴിലാളികളുണ്ട്. കോറി തൊഴിലാളികളും കരിങ്കൽ പൊട്ടിക്കുന്ന കരിങ്കൽ തൊഴിലാളി, ആ കരിങ്കൽ ചെറിയ ചല്ലിയാക്കി മാറ്റുന്ന തൊഴിലാളി അതുപോലെതന്നെ ആറ്റിൽ നിന്നും മണൽ കോരി കെട്ടിട നിർമ്മാണ സൈറ്റിൽ എത്തിക്കുന്ന മണലൂറ്റുകാരൻ തുടങ്ങി മേസൻട്രി പണിചെയ്യുന്ന തൊഴിലാളികളുവരെ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ചിന്നിച്ചിതറി കിടക്കുന്നുണ്ട്. വാസ്തവത്തിൽ അവർക്ക് ഒരു സംഘടിതസ്വഭാവം നമ്മുടെ സംസ്ഥാനാടിസ്ഥാനത്തിലുണ്ടോ എന്നു ചോദിച്ചാൽ, അവരെ സംഘടിപ്പിക്കുന്നതിന് വിവിധ രാഷ്ട്രീയ പാർട്ടികളും, ട്രേഡ് യൂണിയൻ സംഘടനകളും ഒക്കെ ശ്രമം നടത്തുന്നുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലും പണിയെടുക്കുന്ന, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് വിവിധ തരത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു കേന്ദ്രീകൃത സംഘടന സുശക്തമായി ഇന്ന് നിലവിലില്ല. കെട്ടിടം പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ പിന്നെ പ്ലമ്പിംഗ് പ്രവർത്തനങ്ങളും അതിന്റെ മിനുക്കുപണികളും നടത്തുന്ന സ്കിൽഡ് തൊഴിലാളികളുണ്ട്. ശാസ്ത്രീയമായി ഈ കാര്യങ്ങൾ അഭ്യസിച്ചിട്ടുള്ള സ്കിൽഡ് വർക്കേഴ്സുണ്ട്. അങ്ങനെ സ്കിൽഡ് വർക്കേഴ്സും അൺസ്കിൽഡ് വർക്കേഴ്സുമായി പതിനായിരക്കണക്കിന് ആളുകൾ തൊഴിലെടുക്കുന്ന ഒരു മേഖലയാണ് ഇത്. അങ്ങനെ പണിയെടുക്കുന്ന ആളുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണം, അവരുടെ സേവന–വേതന വ്യവസ്ഥകളിൽ സ്ഥിരം സ്വഭാവമുണ്ടാകണം. ഒരു വർഷം, 365 ദിവസത്തിൽ 250–300 ദിവസമെങ്കിലും തൊഴിൽ കിട്ടണം. ഇങ്ങനെയുള്ള വിവിധ ആവശ്യങ്ങളാണ് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുള്ളത്. ഈ കെട്ടിട നിർമ്മാണ തൊഴിലാളികളിൽത്തന്നെ ഒരു വലിയ വിഭാഗം തൊഴിലാളികൾ ഗവൺമെന്റ് ബിൽഡിംഗ്സിന്റെ പണികളിലേർപ്പെട്ടിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങൾ പണിയുന്നതിൽത്തന്നെ ഒരു വലിയ വിഭാഗം ആളുകൾ ഏർപ്പെട്ടിട്ടുണ്ട്. സർക്കാർ കോൺട്രാക്ടർമാരുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും സർക്കാരിന്റെ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും എങ്ങനെ നിയമനിർമ്മാണം നടത്തുമെന്നുള്ള കാര്യങ്ങൾ പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. അതുപോലെതന്നെ സ്വകാര്യമായി കെട്ടിടങ്ങൾ പണിയുന്ന കെട്ടിടനിർമ്മാണത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലുമുണ്ട്. സ്വന്തമായി വീടുവയ്ക്കുന്ന ആളുകൾ, ആ വീടുപണിയിൽ ഏർപ്പെട്ടിരിക്കുന്ന കരിങ്കൽ പൊട്ടിക്കുന്നവർ മുതൽ അവസാനത്തെ മിനുക്കുപണിയായ പെയിന്റിംഗ് ചെയ്യുന്ന സ്കിൽഡ് തൊഴിലാളികൾ വരെയുള്ള ആളുകളെ സംബന്ധിച്ച് ഓരോരുത്തർക്കും അവരുടെ ജോലികളിലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ട് ഓരോ വിഭാഗത്തിനുംവേണ്ടി എന്തെല്ലാം കാര്യങ്ങൾ നിയമപരമായി ചെയ്തു കൊടുക്കാമെന്ന് ആലോചിക്കണം.

(ചർച്ച തുടരും)

1985–ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ

(ശ്രീ.സി.ടി. കൃഷ്ണൻ നോട്ടീസ് നൽകിയത്)

ശ്രീ. സി.ടി. കൃഷ്ണൻ: സർ, 1985–ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ താഴെപ്പറയുന്ന അംഗങ്ങളടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സെലക്ട് കമ്മിറ്റി അംഗങ്ങൾ:— സർവ്വശ്രീ വി. കേശവൻ, സി. കെ. തങ്കപ്പൻ, ടി. കെ. ആറുമുഖൻ, എസ്. ഗോവിന്ദക്കുറുപ്പ്, കെ. പി. അരവിന്ദാക്ഷൻ, വർക്കല രാധാകൃഷ്ണൻ, കോടിയേരി ബാലകൃഷ്ണൻ, കെ. ഇ. ഇസ്മയിൽ, എം. കെ. കേശവൻ, കെ. ടി. കണാരൻ, കാനം രാജേന്ദ്രൻ, വി. സി. കബീർ, എ. വി. താമരാക്ഷൻ, കെ. കൃഷ്ണൻകുട്ടി, ഉമ്മൻ ചാണ്ടി, തോപ്പിൽ രവി, രാഘവൻ പൊഴക്കടവിൽ, കെ. കെ. തോമസ്, ഡോ. കെ. സി. ജോസഫ്, ടി. എസ്. ജോൺ, സി. എഫ്. തോമസ്, പി. കെ. കുഞ്ഞാലിക്കുട്ടി, വി. ദിനകരൻ, കെ. പി. രാമചന്ദ്രൻ നായർ, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ, തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ)—ചെയർമാൻ. അങ്ങനെ 27 അംഗങ്ങളടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്നാണ് എനിക്ക് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പറയാനുള്ളത്. നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കിന് വരുന്ന കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങളോടും പ്രയാസങ്ങളോടും തൊഴിൽവകുപ്പു മന്ത്രിയ്ക്കോ ഗവൺമെന്റിനോ യാതൊരു താൽപ്പര്യവുമില്ല. അതുകൊണ്ട് അവരുടെ ആവശ്യങ്ങൾ ഗവൺമെന്റ് പരിഗണിക്കുന്നില്ല. മന്ത്രി അതിന് എതിരുനിന്നു. ഇത് അവതരിപ്പിക്കാൻതന്നെ അനുമതി തന്നില്ല. പക്ഷെ ഈ നിയമസഭ അനുമതി തന്നതുകൊണ്ട് തീർച്ചയായും ഈ ഭേദഗതികൾ അംഗീകരിക്കണമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തിലെ ഏകദേശം ഇരുപത് ലക്ഷത്തോളം കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്ന ഈ ബിൽ പാസ്സാക്കിയത് 1975ലാണ്. കാലോചിതമായ നിരവധി മാറ്റങ്ങൾ ഈ ബില്ലിന് വേണം. ഇരുപത്തിനാലിലാണ് ആക്ട്. ഇരുപത്തിയഞ്ചിലാണ് റൂൾസ്. അതിൽ പറയുന്ന കാര്യങ്ങളൊന്നും ഇന്ന് നടപ്പിലാക്കുന്നതിനുവേണ്ട തീരുമാനങ്ങളോ നടപടികളോ എടുക്കുന്നില്ല. അതുകൊണ്ടാണ് 12 കൊല്ലംമുൻപ് നടപ്പിലാക്കിയ നിയമം ഇന്നത്തെ സ്ഥിതിയ്ക്കനുസരിച്ച് മാറ്റി ചില ഭേദഗതികൾ അവതരിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. ഒന്നാമത് സ്ഥിരം കർഷകത്തൊഴിലാളികളാണോ അല്ലങ്കിൽ ഭൂവുടമയുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളാണോ എന്ന് ഇന്നും ഉറപ്പു നൽകുന്നതിന് ഒരു സംവിധാനവുമില്ല. നിയമത്തിൽ രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ചൊക്കെ പറയുന്നുണ്ട്. ഈ റൂൾസിൽ പറയുന്നത് എവിടെയെങ്കിലും നടപ്പിലാക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ എവിടെയും നടപ്പിലാക്കുന്നില്ല. മൂന്നു കൊല്ലത്തിലൊരിക്കൽ രജിസ്റ്റർ പുതുക്കണമെന്നാണ് പറയുന്നത്. പക്ഷെ 1975—ൽ ഈ നിയമം പാസ്സാക്കിയതിനു ശേഷം ഒരു പ്രാവശ്യം രജിസ്റ്റർ ചെയ്തതല്ലാതെ ഇന്നുവരെ കർഷകതൊഴിലാളികളുടെ രജിസ്റ്റർ പുതുക്കിയിട്ടില്ല. അതുകൊണ്ടാണ് കൊല്ലത്തിലൊരിക്കൽ രജിസ്റ്റർ പുതുക്കുന്നതിനാവശ്യമായ ഒരു ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്. ''The register shall be revised each year not later than the 31st day of December''. കൊല്ലത്തിലൊരിക്കൽ ജനുവരി മാസം 31—ാം തീയതിക്ക് രജിസ്റ്റർ പുതുക്കിയാൽ നിലവിലുള്ള തൊഴിലാളികളും ആരാണ് എന്ന് അറിയുന്നതിന് സാധിക്കും. ഇന്ന് തൊഴിലാളികളും അവകാശങ്ങളും ചോദിച്ചാൽ, കൂലി കൂട്ടുന്നതിനു വേണ്ടി സമരം നടത്തിയാൽ ഭൂവുടമകളും പറയുന്നത്. അവർ സ്ഥിരം തൊഴിലാളികളും അല്ല, ഇവർ എന്റെ ഭൂമിയിൽ പണിയെടുത്തിട്ടില്ല, ഇവരെ എനിക്ക് പരിചയമില്ല, ഇവരെ ഞാൻ അറിയുകയില്ല എന്നാണ്. നിങ്ങളും തന്നെ പാസ്സാക്കിയ ഈ നിയമത്തിൽ, ഒരു ദിവസം എത്ര കിലും തൊഴിലാളി ആരുടെ കീഴിൽ പണിയെടുത്താലും ആ പണിയെടുത്ത

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് രജിസ്റ്റർ വയ്ക്കണമെന്ന്. വ്യവസ്ഥയുണ്ട്; അതൊന്നും ഇന്ന് വയ്ക്കുന്നില്ല. തോട്ടം മേഖലയിലും വ്യവസായമേഖലയിലുമുള്ളതുപോലെ തന്നെ നിലവിലുള്ള കർഷകത്തൊഴിലാളികളുടെ ആശ്രിതർക്ക് പണി കൊടുക്കണമെന്നുണ്ട്. ഇത് പാലക്കാട് മേഖലയ്ക്കു വേണ്ടിയുള്ള ഐ. ആർ. സി. അംഗീകരിച്ച കാര്യമാണ്. സ്ഥിരമായി പണിയെടുക്കുന്ന തൊഴിലാളികൾ വയസ്സാകുമ്പോൾ അവരുടെ മക്കളോ, സഹോദരൻമാരോ അവരെ ആശ്രയിച്ച് കഴിയുന്ന മറ്റാരെങ്കിലുമോ ഉണ്ടെങ്കിൽ അവർക്ക് ഈ രംഗത്ത് ജോലി കൊടുക്കണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് അംഗീകരിച്ചുവരുന്ന കാര്യങ്ങളാണ്. അതുപോലെതന്നെ ഭൂമി തുണ്ടുതുണ്ടായി വിൽക്കുന്ന അവസരത്തിൽ, പദ്ധതിപ്രദേശങ്ങൾക്കുവേണ്ടി ഭൂമി ഒഴിപ്പിക്കപ്പെടുന്ന അവസരത്തിൽ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യം വരുമ്പോൾ 30—40 കൊല്ലം സ്ഥിരമായി പാടത്ത് പണിയെടുത്ത കർഷകതൊഴിലാളികൾ വെറും കൈയോടെ പോകേണ്ട ഒരു സ്ഥിതിയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തൊട്ടാകെയുള്ളത്. മറ്റു പല തൊഴിലാളികൾക്കും പല തരത്തിലുള്ള ആനുകൂല്യങ്ങൾ (കോംപൻസേഷൻ, വർക്കുമെൻ കോംപെൻസേഷൻ, നഷ്ടപരിഹാരം ഇതെല്ലാം) കൊടുക്കാൻ വ്യവസ്ഥകളുണ്ട്. എന്നാൽ കർഷക തൊഴിലാളികൾക്ക് ഇത്തരത്തിലുള്ള യാതൊരു വ്യവസ്ഥകളുമില്ല.

(ചർച്ച തുടരും)

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജിന് 1985—ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ അവതരിപ്പിക്കാൻ സഭ അനുമതി നൽകിയിരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഈ ബിൽ ഞാൻ പിൻവലിച്ചതാണ്.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ് അങ്ങേക്ക് ബിൽ അവതരിപ്പിക്കാൽ അനുമതി നൽകി.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ബിൽ പിൻവലിച്ചതാണ്.

മി. സ്പീക്കർ: അങ്ങ് പിൻവലിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷേ അന്ന് സഭ സമ്മതിച്ചില്ല. ഇനി അടുത്ത ദിവസം ബിൽ അവതരിപ്പിച്ച് സംസാരിക്കാം.

1985—ലെ കേരള പാതുപ്രവർത്തകർ (അഴിമതി നിരോധന) ഭേദഗതി ബിൽ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, കേരളത്തിലെ അഴിമതി നിരോധനകമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ട് വർഷങ്ങൾ രണ്ട് പിന്നിട്ടിരിക്കുന്നു. എന്റെ കയ്യിൽ രണ്ടാമത്തെ ആനവൽ റിപ്പോർട്ട് (സഭയിൽ സർക്കുലേറ്റ് ചെയ്തത്) ഉണ്ട്. ഞാൻ നമ്മുടെ ഭരണക്കാരോട് വളരെ വിനീതമായി ചോദിക്കുകയാണ്. ഈ റിപ്പോർട്ടിലെ വളരെ പ്രസക്തമായ ഒരു ഭാഗം ഗവൺമെന്റിന്റെയും ഭരണക്കാരുടെയും

LIBRARY ARCHIVES Kerala Legislative Assembly